കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് എടുത്ത ഓഹരികൾ

137 [3542] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ ലംഘിച്ച് കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ഏതെങ്കിലും സഹകരണ സ്ഥാപനത്തിൽ ഓഹരി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതു കാലയളവിൽ ഏതു സ്ഥാപനത്തിലാണ് ഓഹരി എടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ (റബ്കോ) നിന്നും 3-6-1998-ൽ 5 ലക്ഷം രൂപയുടെ ഓഹരിയും കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയിൽ (കോയിൻസ്) നിന്ന് 19-6-2000-ൽ 500 രൂപയുടെ ഓഹരിയും എടുത്തിട്ടുണ്ട്.

സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ നിക്ഷേപകരുടെ സുരക്ഷിതത്വം

138 [3543] ശ്രീ. യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി: താഴെ കാണുന്നചോദ്യങ്ങൾക്ക്സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ നിക്ഷേപകരുടെ സുരക്ഷിതത്വത്തിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) നിക്ഷേപത്തിന് നേരത്തേയുണ്ടായിരുന്ന ഇൻഷ്വറൻസ് സംവിധാനം എടുത്തു കളഞ്ഞോ;

(സി) അങ്ങനെയാണെങ്കിൽ ഇത് എന്നുമുതൽക്കാണ് എടുത്തു കളഞ്ഞത്;

(ഡി) നിക്ഷേപത്തിന് ഇൻഷ്വറൻസ് വീണ്ടും നടപ്പിലാക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് എന്നു മുതൽ നടപ്പാക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ സുരക്ഷിതത്വത്തിന് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം 1992 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് സ്വരൂപിക്കുന്നു. ഓരോ നൂറു രൂപയുടെ നിക്ഷേപത്തിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പത്തു പൈസ വീതവും ജില്ലാ സഹകരണ ബാങ്കുകൾ മൂന്നു പൈസ വീതവും സംസ്ഥാന സഹകരണ ബാങ്ക് രണ്ട് പൈസ വീതവും കോർപ്പസ് ഫണ്ടിലേക്ക് സ്വരൂപിച്ച് വരുന്നു. ജില്ലാ സഹകരണ ബാങ്ക് സ്വരൂപിക്കുന്ന തുകയെ ആസ്പദമാക്കി സംസ്ഥാന സർക്കാർ കോർപ്പസ് ഫണ്ടിലേക്ക് വിഹിതം നൽകി വരുന്നു. സംസ്ഥാന സർക്കാർ ഇതുവരെ 32 ലക്ഷം രൂപ കോർപ്പസ് ഫണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഒരു നിക്ഷേപകന് പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് ഗ്യാരന്റിയുണ്ട്. സഹകരണ നിയമ ഭേദഗതിയിൽ 57 ജി—യിൽ ഉൾപ്പെടുത്തി സർക്കാർ 29-12-2000-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1992 മുതൽ സർവ്വീസ് സഹകരണ ബാങ്കുകൾ നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് സംവിധാനം എടുത്തു കളഞ്ഞിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ
മൂലധനവും നിക്ഷേപവും

139 [3544] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മൂലധനവും നിക്ഷേപവും കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രഥമിക കാർഷിക വായ്പാ സംഘങ്ങളുടെ നഷ്ടം കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) വൺടൈം സെറ്റിൽമെന്റ് പദ്ധതി, കേരളാ കാർഷിക കടാശ്വാസ പദ്ധതി, അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly